# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3294

11.05.2017 ൽ മറുപടിക്ക്

### നവസംരംഭകർക്കായി പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി. സത്യൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | നവസംരംഭകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; | (എ) | നവസംരംഭകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നില്ല. |
| (ബി) | പദ്ധതി സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് സഹായം ലഭിക്കാൻ ശരാശരി എത്ര സമയം എടുക്കുന്നു എന്നത് വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കൃത്യതയാർന്ന അപേക്ഷകളിൽ സേവനാ വകാശ നിയമം നിഷ്കർഷിക്കുന്ന സമയക്രമം പാലിക്കുന്നുണ്ട്. |
| (സി) | വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കാലതാമസം മറികടക്കാൻ പദ്ധതി നിലവിലുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സ്ഥലമാക്കി മാറ്റി വിവിധ വകുപ്പുകളിലെ നിലവിലുള്ള ചട്ടങ്ങൾ / നിയമങ്ങൾ / സർക്കാർ ഉത്തരവുകൾ തുടങ്ങിയവ പരിഷ്കരിച്ച് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ്' എന്ന പേരിൽ പൊതുനിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ബ്ലോക്ക്, താലൂക്ക്, ജില്ലാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാണോ; വ്യക്ത മാക്കുമോ? | (ഡി) | വ്യവസായ വകുപ്പിന്റെ പദ്ധതികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് ലവൽ ബാങ്കേഴ്സ് സമിതി പ്രവർത്തിക്കുന്നു. ഇ.എസ്.എസ്. പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലാതല സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ